**നാളത്തെ, മറ്റന്നാളത്തെ അഭിമുഖം**

അഭിമുഖത്തിന് വന്നിട്ടുള്ള അഭയാർത്ഥികളേക്കാൾ സംഘാടകരാണ് കൂടുതൽ. ഒരുപക്ഷെ, അഭിമുഖം തുടങ്ങുന്നതിന് മുമ്പു തന്നെ ചേരി തിരിഞ്ഞ് നിന്നിരുന്നവരെ ഓരോ സംഘാടക കൂട്ടവും തങ്ങളുടെ പക്ഷത്തേക്ക് നീക്കി നിർത്തിയിട്ടുണ്ടാകാം. ഇനിയുള്ളവരെ വീതിച്ചെടുക്കുന്നതിനാകാം അഭിമുഖം.

എന്താകിലും, സംഘാടകർ കൂടുന്നത് ഒരു വീക്ഷണത്തിൽ നല്ലതു തന്നെയാണ്. തെരഞ്ഞടുക്കപ്പെടുന്നവർക്ക് കൂടുതൽ കരുതൽ കിട്ടുമല്ലോ.... അടിമക്കൂട്ടത്തിലേക്കല്ല കൊണ്ടു പോകുന്നതെങ്കിൽ.

ഇപ്പോഴാണ് അഭിമുഖത്തിന്റെ കാലം അറിയേണ്ടത്.

ജനത കുറഞ്ഞ്, ജനായത്തമില്ലാതെ, അധികാര വികേന്ദ്രീകരണങ്ങൾ പരിവർത്തനം ചെയ്യപ്പെട്ട് ഒന്നും തിരിച്ചറിയാൻ കഴിയാത്ത വിധത്തിൽ സങ്കരവിഭാഗത്തിന്റെ അധീനത വിളിച്ചോതുന്ന ഭരണ പ്രക്രിയകൾ വന്നിരിക്കുന്നു.

വിശാലമായൊരു അങ്കണത്തിലാണ് അഭിമുഖം നടക്കുന്നത്. വേർ തിരിക്കപ്പെട്ടഇടങ്ങളിൽ വിവിധയിനം സംഘടനകൾ ഇരയെ കാത്തിരിക്കുന്നു. വ്യത്യസ്ത നിറങ്ങളിൽ, മണങ്ങളിൽ, ഗുണങ്ങളിൽ, അലങ്കാരങ്ങളിൽ, മുഖഭാവങ്ങളിൽ, ശബ്ദങ്ങളിൽ. അവർ മുന്നിൽ തൂക്കിയിരിക്കുന്ന ഫലകങ്ങളിൽ അതൊക്കെ വ്യക്തമായി അറിയിക്കുന്നുണ്ട്. സ്വത്വങ്ങളെ തുറന്ന് കാണിക്കുന്നുമുണ്ട്.

വിളിക്കപ്പെടുന്നവർ കയറിപ്പോകുന്നുണ്ട്, തെരഞ്ഞടുക്കപ്പെടുന്നവർ സംഘങ്ങളുടെ പിന്നാമ്പുറങ്ങളിലേക്ക് ആനയിക്കപ്പെടുന്നുമുണ്ട്.

അവന്റെ ഊഴമെത്തി,

എല്ലും തോലുമായൊരുത്തൻ, കരുവാളിച്ചവൻ, ഏത് വർണ്ണത്തിൽ, വർഗ്ഗത്തിൽ വരുമെന്ന് തിരിച്ചറിയാനാകാത്തവൻ....

അങ്കണത്തിൽ പ്രവേശിച്ചപ്പോൾ അവൻ അന്ധാളിച്ചു പോയി.

എണ്ണിയാലൊടുങ്ങാത്ത വർണ്ണങ്ങൾ,

സപ്തവർണ്ണങ്ങൾ കഴിഞ്ഞപ്പോൾ മിശ്രിത വർണ്ണങ്ങൾ,

അതും കഴിഞ്ഞപ്പോൾ കൂട്ടു മിശ്രിതങ്ങൾ,

ഇതിൽ എന്റെ നിറമേത്?

ശങ്കിച്ചു നിൽക്കവെ ചോദ്യമുയർന്നു.

അങ്കണത്തിന്റെ ഒത്ത നടുക്ക് നിർത്തി ഒരാളാണ് ചോദിക്കുന്നത്. സംഘാടകർ അവരുടെ ഇരിപ്പിടങ്ങളിൽ തന്നെ ആസനസ്ഥരായി രേഖകൾ തീർക്കുന്നുണ്ട്.

നീയാരാണ്?

അവൻ ഉത്തരം പറഞ്ഞില്ല.

എനിക്ക് കുറച്ച് വെള്ളം തരുമോ.... തിന്നാനെന്തെങ്കിലും തരുമോ... ഒരു പാടു നാളായി എന്തെങ്കിലും കഴിച്ചിട്ട്. കൂടെയുണ്ടായിരുന്നവരൊക്കെ ചത്തുപോയി....ഞാൻ മാത്രം ബാക്കിയായി.... ഞാൻ മാത്രം.

നീയാരാണ്?

ഞാനൊരു മനുഷ്യൻ... കോവിഡിൽ നിന്നും രക്ഷപ്പെട്ടെത്തിയൊരു മനുഷ്യജീവി... ഒറ്റപ്പെട്ടു കിടന്നിരുന്നിടത്ത് ആദ്യമൊക്കെ തിന്നാനും കുടിക്കാനും കിട്ടിയിരുന്നു.... പിന്നെ... പിന്നെ, ഒന്നുമില്ലാതെയായി... തന്നിരുന്നവർ മുടിഞ്ഞു കാണും.

എവിടെ നിന്നു വരുന്നു?

മണ്ണിൽ നിന്ന്..... പിന്നെ ആശ്രയം ദൈവം മാത്രമായിരുന്നു.... വിളിച്ച് കേണു... ആരും വന്നില്ല... എന്തെങ്കിലും തരാൻ കഴിയുന്നവർ എവിടെയെല്ലാമോ ഒളിച്ചു പാർക്കാൻ പോയി... കൂടെയുള്ളവർ ഓരോരുത്താരായി ചത്തൊടുങ്ങുന്നത് കണ്ടു കൊണ്ട് കിടന്നു.

മണ്ണിൽ നിന്നോ... മണ്ണിനൊരു ദിശയില്ലേ... ദേശമില്ലേ... ദേശത്തിന് പേരില്ലേ?

ഉണ്ട്.. ഇപ്പോൾ ഓർമ്മിക്കുന്നു... മങ്കാവുടി.

മങ്കാവുടി, അതെവിടെ?

മലയാള നാട്ടിൽ.

നീ എന്ത് ജോലി ചോയ്തിരുന്നു?

തോട്ടിപ്പണി.

തോട്ടിപ്പണിയോ?

അതെ, നഗരം വൃത്തിയാക്കുന്നവനായിരുന്നു.

നിറ മുഖങ്ങൾക്ക് മങ്ങലേൽക്കുന്നു, വക്രിക്കുന്നു, ദുർഗന്ധം ശ്വസിച്ചതുപോലെ ഗോഷ്ടി കാണിക്കുന്നു.

അവൻ അടുത്ത ചോദ്യത്തിനായി കാതോർത്തു. പക്ഷെ, ചോദ്യ കർത്താവ് തിരിഞ്ഞു നിന്ന് സംഘാടകരോടാണ് അടുത്ത ചോദ്യ മുന്നയിച്ചത്.

നിങ്ങളിൽ ഏത് വർഗ്ഗത്തിന്റെ കൂടെയാണ് തോട്ടിപ്പണിക്കാരനെന്നൊരു ജാതിയുള്ളത്?

ആ ചോദ്യമൊരു കുരുക്കിലേക്കാണ് സംഘാടകരെ നയിച്ചത്. ചോദ്യ കർത്താവ് ഉന്നയിച്ചത് നിങ്ങൾക്ക് ആർക്കാണ് ഒരു തോട്ടിപ്പണിക്കാരനെ വേണ്ടത് എന്നല്ല. ആങ്ങിനെ ചോദിച്ചിരുന്നെങ്കിൽ എല്ലാവരും തന്നെ വേണമെന്ന് ഉത്തരം നൽകിയേനെ.... നിങ്ങളിൽ ആരുടെ കൂടെയാണ് തോട്ടിപ്പണിക്കാരനെന്ന ഒരു ജാതിയുള്ളത് എന്ന ചോദ്യം ആർക്കും അംഗീകരിക്കാനായില്ല.

ആ ചോദ്യം വല്ലാത്തൊരു നാറ്റ മുളവാക്കിക്കൊണ്ട് അങ്കണമാകെ നിറഞ്ഞു നിന്നു. ആർക്കും ഉത്തരം പറയാൻ തോന്നിയില്ല. കഴിയില്ല. കാരണം അവർക്കൊന്നും അങ്ങിനെ ഒരു ജാതി പിൻ പറ്റുന്നത് യുക്തമായി തോന്നിയില്ല.

അപ്പോൾ ആർക്കും തോട്ടിയെ വേണ്ടാ....?

തോട്ടിയെ വേണം. പക്ഷെ, അങ്ങിനെ ഒരു ജാതി ഞങ്ങൾക്ക് വേണ്ട.

സംഘാടകർ ഒരേ ശബ്ദത്തിൽ, ഉച്ചത്തിൽ തന്നെ പറഞ്ഞുറപ്പിച്ചു.

അവനെ ഞങ്ങൾക്ക് വേണം, അവന്റെ ജാതിയെ അല്ല... അവന്റെ തൊഴിലിനെ.... എന്ന് എല്ലാ സംഘാടകരും വിളിച്ചു പറയുന്നതാണ് പിന്നെ കേട്ടത്.

എല്ലാ മതക്കാരും ജാതിക്കാരും വർഗ്ഗക്കാരും വർണ്ണക്കാരും ഒരുമിച്ച് മത്സര ബുദ്ധിയോടെ മുന്നോട്ടു വരികയാണ് വലയും വീശിയെറിഞ്ഞു കൊണ്ട്.

അവൻ ഭയന്നു പോയി, ദാഹവും വിശപ്പും മറന്നു പോയി.

വലകൾ അവനോട് ചോദിച്ചു തുടങ്ങി.

നീ ഹിന്ദുവാണോ?

അറിയില്ല.

നീ ക്രിസ്ത്യനാണോ?

അറിയില്ല.

നീ മുസ്ലീമോണോ?

അറിയില്ല.

നിനക്ക് ബുദ്ധനെ അറിയുമോ?

ഇല്ല.

നിനക്ക് പിന്നെ എന്തറിയാം....മുപ്പത്തിമുക്കോടി ദേവതകളെ, കാളിയെ, മറുതയെ, കരിങ്കുട്ടിച്ചാത്തനെ...?

എനിക്കൊന്നുമറിയില്ല.

പിന്നെ നിനക്ക് എന്തറിയാം?

മലം വാരാനറിയാം, മൂത്രം കോരാനറിയാം.. ഞാനതേ പഠിച്ചുള്ളൂ.... എന്നെ അതേ പഠിപ്പിച്ചിട്ടുള്ളൂ.

തെരഞ്ഞെടുപ്പു സംഘങ്ങളുടെ മുഖങ്ങൾ ആദ്യം ഇരുണ്ടു, പിന്നെ വെളുത്തു.

അവൻ നല്ലതാണ്. അടിച്ചു നീട്ടി ഏത് കത്തിയുമുണ്ടാക്കാം. അവനെ ഞങ്ങൾക്ക് തന്നേക്കൂ.

എണ്ണത്തിൽ കൂടുതലുള്ള സംഘം പറഞ്ഞു.

പക്ഷെ, അപ്പോഴാണ് മറ്റ് സംഘങ്ങൾക്ക് ബോധമുണർന്നത്.

പതം വരുത്താവുന്ന ഒരു വസ്തു.

ആവശ്യക്കാർ ഏറി.

പിന്നീട് ഓരോരുത്തരും അവകാശങ്ങൾ ഉന്നയിച്ചു. എന്തുകൊണ്ട് സ്വന്തം ചേരിയിൽ നിർത്താൻ ഉതകുന്നതെന്ന് തെളിവുകൾ നിരത്തി, മറ്റുള്ളവരുടെ കൂടെ നിന്നാലുണ്ടാകാവുന്ന വൈതരണികളും അക്കമിട്ട് നിരത്തി. ശബ്ദങ്ങൾ ഉയർന്നു. വാക്കുകൾ, അതി അർത്ഥ വാക്കുകളായി... കായ ബല പരീക്ഷണത്തിലേക്ക് നീങ്ങുന്നെന്ന് തേന്നിയപ്പോൾ ചോദ്യ കർത്താവ് ശബ്ദമുയർത്തി പറഞ്ഞു.

എനിക്ക് ഒരു ചോദ്യം കൂടിയുണ്ട്.

അവൻ ഭയന്ന് വിറച്ചു നിന്നു. മറന്നിരുന്ന വിശപ്പും ദാഹവും വേദനയായി മനസ്സിലേക്ക് കയറി വന്നു.

അവൻ വിലപിച്ചു തുടങ്ങി.

എനിക്ക് വിശക്കുന്നു... എനിക്ക് ദാഹിക്കുന്നു. എന്റെ തല കറങ്ങുന്നു.

അവൻ തളർന്ന് തറയിൽ ഇരുന്നു.

ചോദ്യ കർത്താവ് പറഞ്ഞു.

ഇനി ഒരൊറ്റ ചോദ്യം കൂടിയേയയുള്ളൂ. അതിന് ഉത്തരം പറഞ്ഞാൽ നിനക്കെല്ലാം കിട്ടും.

അവൻ ദയനീയമായി അയാളെ ഒന്ന് നോക്കി, പിന്നെ ഞരങ്ങി.

ഉം.

നിയൊരു കമ്മ്യൂണിസ്റ്റാണോ?

അറിയില്ല.

പൊടുന്നനെ, അങ്കണത്തിന്റെ നടുവിൽ നിന്നിരുന്ന ചോദ്യ കർത്താവിനെ തള്ളിയകറ്റിക്കൊണ്ട് വലകൾ ഓരോന്നായിട്ട് അവന് മുകളിലേക്ക് വീണു

കൊണ്ടിരുന്നു. മാളങ്ങളിൽ ഒളിഞ്ഞിരുന്ന് വലകൾ പിടിച്ചിരുന്ന ഞാഞ്ഞൂലുകൾ ഫണം വിടർത്തിയാടുന്ന നാഗങ്ങളായി പുറത്തേക്ക് വന്നു കൊണ്ടിരുന്നു. അവരുടെ സീൽക്കാരങ്ങൾ, ആക്രോശങ്ങൾ, പോരുകൾ....

അങ്കണം നിണത്തളമായി...

അവൻ ഒന്നും കേട്ടില്ല, അറിഞ്ഞില്ല. തളർന്ന് വീണ് പൊടിയായി മണ്ണിൽ ലയിച്ചു, പ്രകൃതിയായി.

@@@@@